# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

### തൊഴിലുറപ്പ് പദ്ധതിയുടെ പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 444** **26-06-2019 -ൽ മറുപടിയ്ക്ക്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. സി.കൃഷ്ണൻ<br>ശ്രീ.പി.വി.അൻവർ<br>ശ്രീ.കെ.ആൻസലൻ** | | **ശ്രീ. എ. സി. മൊയ്തീൻ**<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനത്ത് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | 2019-20 സാമ്പത്തിക വർഷം മുൻഗണന നൽകേണ്ട വിഷയങ്ങളെ സംബന്ധിച്ച് സംസ്ഥാനമിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ ഇറക്കിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച കേന്ദ്രസർക്കാർ നിർദ്ദേശങ്ങൾ (വാർഷിക മാസ്റ്റർ സർക്കുലർ 2019-20) 06.06.2019 തീയതിയിലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇതിലെ പുതിയ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ച സംസ്ഥാന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്. |
| (ബി) | പദ്ധതി പ്രകാരം കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) | ഗ്രാമീണ മേഖലയിൽ പരമാവധി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം ദീർഘകാലം നിലനിൽക്കുന്നതും ഉല്പാദനപരവുമായ ആസ്തികൾ സൃഷ്ടിക്കുന്നതിനുമാണ് നടപ്പ വർഷം ഊന്നൽ നൽകിയിട്ടുള്ളത്. തടയണകൾ. ജലസേചന കുളങ്ങൾ, തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, കമ്പോസ്റ്റ് പിറ്റുകൾ, സോക് പിറ്റുകൾ, സ്വയംസഹായ സംഘങ്ങൾക്കുള്ള വർക്ക് ഷെഡുകൾ, സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ, പാചകപ്പുര, ഡൈനിംഗ് ഹാൾ, കളിസ്ഥലങ്ങൾ, ഗ്രാമീണ റോഡുകൾ, ഓവുചാലുകൾ തുടങ്ങിയ വിവിധയിനം പ്രവൃത്തികൾ ഏറ്റെടുത്ത് തൊഴിൽ ദിനങ്ങളും ആസ്തിയും സൃഷ്ടിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>2019-20 സാമ്പത്തിക വർഷത്തെ പദ്ധതിസമീപനം, ലക്ഷ്യം, തന്ത്രങ്ങൾ, ഓരോ തലത്തിലും അതാത് ചുമതലാവിഭാഗം ചെയ്യേണ്ടുന്ന നടപടികൾ എന്നിവ സംബന്ധിച്ച് മുഖ്യ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും പരിശീലനം നൽകി. പ്രവൃത്തി നിർവ്വഹണത്തിന് ആക്കം |

| | | | |
|---|---|---|---|
| | | | കൂട്ടുന്നതിലേക്ക് പ്രധാന ആസ്തികളുടെ മാതൃകാ എസ്റ്റിമേറ്റുകൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. സാധനങ്ങൾ വാങ്ങുന്നതിലേക്കുള്ള ടെൻഡർ നടപടിക്രമങ്ങൾ കാലേക്കൂട്ടി പൂർത്തീകരിക്കുന്നതിനു നിർദ്ദേശിച്ചിട്ടുണ്ട്. സാധനസാമഗ്രികളുടെ ഓരോ ക്വാർട്ടറിലേയും പ്രാദേശിക നിരക്കുകൾ നിശ്ചയിച്ച് നൽകുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്.<br>കൂടാതെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധികമായി 100 ദിവസത്തെ തൊഴിൽ നൽകുന്നതിനും മുൻകൂർ വേതനം നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. പദ്ധതി നിർവ്വഹണപുരോഗതി സംബന്ധിച്ച് എല്ലാ തലങ്ങളിലും കൃത്യമായ ഇടവേളകളിൽ മോണിറ്ററിംഗ് നടത്തുന്നതിന് ഉദ്യോഗസ്ഥ തലത്തിലെ ചുമതലകളും നിശ്ചയിച്ചു നൽകിയിട്ടുണ്ട്. |
| (സി) | പ്രളയത്തിന് ശേഷമുള്ള സംസ്ഥാന പുനർനിർമ്മാണത്തിനായി തൊഴിലുറപ്പ് പദ്ധതിയെ എപ്രകാരമാണ് ഉപയോഗ പ്പെടുത്താൻ സാധിക്കുന്നതെന്ന് അറിയിക്കുമോ; | (സി) | പ്രളയത്തിന്റെ ഫലമായി തകർന്നുപോയ പൊതു ആസ്തികളുടെ പുനർനിർമ്മാണ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്തു വരുന്നു. കൂടാതെ പ്രളയബാധിത കുടുംബങ്ങൾക്ക് വരുമാനം ഉറപ്പു വരുത്തുന്നതിനായി ആസ്തികൾ സൃഷ്ടിക്കുന്നതിലൂടെ തൊഴിൽദിനങ്ങൾ ഉറപ്പ് വരുത്തിയിട്ടുണ്ട്. അർഹരായ കുടുംബങ്ങൾക്ക് ഉപജീവന ആസ്തികളായ തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് എന്നിവയും തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർമ്മിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പുനർനിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്ത് നടത്താവുന്ന ജോലികളിൽ കൂടുതൽ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അവിദഗ്ധ തൊഴിൽ സൃഷ്ടിക്കുന്നതിനോടൊപ്പം തന്നെ സ്ഥായിയായ ആസ്തികളും നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ ആക്ഷൻ പ്ലാനുകൾ പുന:പരിശോധിച്ച് നിയമം അനുശാസിക്കുന്ന തരത്തിലും കേന്ദ്ര മാർഗരേഖ പ്രകാരവുമുള്ള പ്രവൃത്തികൾ ഉൾപ്പെടുത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**